DE/2554/2023-Q4

2068857/2024/FC DE

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

## MAHATMA GANDHI UNIVERSITY KOTTAYAM

# INFORMATION BULLETIN

## JANUARY - 2024



CHIEF: Dr. RAJESH MANY

DEPUTY CHIEF(I/C): BIJU N

## ഉള്ളടക്കം

| | | |
|---|---|---|
| പേജ് 03–08 | : | തൊഴിൽ അവസരങ്ങൾ |
| പേജ് 08–09 | : | പൊതുവിജ്ഞാനം |
| പേജ് 10 | : | പ്രധാന ദിവസങ്ങൾ |
| പേജ് 11 | : | ബ്യൂറോ വാർത്തകൾ |




യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ
ആൻഡ് ഗൈഡൻസ് ബ്യൂറോ
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി , കോട്ടയം

# തൊഴിൽ അവസരങ്ങൾ

## ബനാറസ് ഹിന്ദു സർവകലാശാലയിൽ 221 നഴ്സ്

ഉത്തർപ്രദേശിലെ ബനാറസ് ഹിന്ദു സർവകലാശാലയിൽ (ബി.എച്ച്.യു.) നഴ്സ് ഉൾപ്പെടെയുള്ള അനധ്യാപക തസ്തികകളിലേക്ക് അപേക്ഷിക്കാം.
258 ഒഴിവുണ്ട്. സർവകലാശാലയുടെ വകുപ്പുകളിലും കംപ്യൂട്ടർ സെന്ററുകളിലും ലൈബ്രറികളിലും അനുബന്ധ ആശുപത്രികളിലുമാണ് ഒഴിവ്.

### നഴ്സിങ് ഓഫീസർ:

•**ഒഴിവ്:** 221 (വനിത-176, പുരുഷൻ-45).
•**ശമ്പളം:** ₹44,900- ₹1,42,400
•**യോഗ്യത:** നഴ്സിങ് ബിരുദം/ബി.എസ്സി. ഓണേഴ്സ് (നഴ്സിങ്)/പോസ്റ്റ് ബി.എസ്.സി. നഴ്സിങ്ങും 50 കിടക്കകളുള്ള ആശുപത്രിയിൽ ഒരുവർഷത്തെ പ്രവൃത്തിപരിചയവും നഴ്സിങ് കൗൺസിലിൽ രജിസ്ട്രേഷനും അല്ലെങ്കിൽ നഴ്സിങ് ആൻഡ് മിഡ് വൈഫറിയിലുള്ള ഡിപ്ലോമയും 50 കിടക്കകളുള്ള ആശുപത്രിയിൽ കുറഞ്ഞത് രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും സംസ്ഥാന നഴ്സിങ് കൗൺസിലിലുള്ള രജിസ്ട്രേഷനും.
➢വിശദവിവരങ്ങൾക്ക്: www.bhu.ac.in/rac/non-teaching
➢ഓൺലൈനായി അപേക്ഷിക്കേണ്ട അവസാനതീയതി **ജനുവരി 22.**
➢തപാൽ വഴി അപേക്ഷ അവസാനതീയതി **ജനുവരി 27.**

## ഡൽഹിയിൽ 4214 ജൂനിയർ അസിസ്റ്റന്റ്/ ക്ലാർക്ക്/ ടീച്ചർ

ഡൽഹി ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമുള്ള ഒഴിവുകളിലേക്ക് ഡൽഹി സബോർഡിനേറ്റ് സർവീസസ് സെലക്ഷൻ ബോർഡ് അപേക്ഷ ക്ഷണിച്ചു. വിവിധ തസ്തികകളിൽ ഒഴിവുണ്ട്.

### ഗ്രേഡ്-IV/ജൂനിയർ അസിസ്റ്റന്റ്

•**ഒഴിവ് :** 1672.
•**യോഗ്യത :** പന്ത്രണ്ടാംക്ലാസ് വിജയം. മിനിറ്റിൽ 35 ഇംഗ്ലീഷ് വാക്ക്/30 ഹിന്ദി വാക്ക് കംപ്യൂട്ടർ ടൈപ്പിങ് സ്പീഡ്.
•**ശമ്പളം :** ₹19,900-₹63,200

### സ്റ്റെനോഗ്രാഫർ

ഒഴിവ്: 157.
•**യോഗ്യത :** പ്ലസ് ടു സമ്പ്രദായത്തിലുള്ള പന്ത്രണ്ടാംക്ലാസ് വിജയം, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിങ്ങിൽ മിനിറ്റിൽ 40 വാക്കും ഷോർട്ട്ഹാൻഡിൽ 80 വാക്കും സ്പീഡുണ്ടായിരിക്കണം.
•**ശമ്പളം :** ₹25,500-₹81,100

## ലോവർ ഡിവിഷൻ ക്ലാർക്ക് കം-ടൈപ്പിസ്റ്റ് (ഇംഗ്ലീഷ്/ഹിന്ദി)

•**ഒഴിവ്:** 256
•**യോഗ്യത:** പന്ത്രണ്ടാംക്ലാസ് വിജയം, മിനിറ്റിൽ 35 ഇംഗ്ലീഷ് വാക്ക്/30 ഹിന്ദി വാക്ക് കംപ്യൂട്ടർ ടൈപ്പിങ് സ്പീഡ്.
•**ശമ്പളം:** ₹19,900–₹63,200

## ജൂനിയർ അസിസ്റ്റന്റ്

•**ഒഴിവ്:** 108
•**യോഗ്യത:** പന്ത്രണ്ടാംക്ലാസ് വിജയം, മിനിറ്റിൽ 35 ഇംഗ്ലീഷ് വാക്ക്/30 ഹിന്ദി വാക്ക് കംപ്യൂട്ടർ ടൈപ്പിങ് സ്പീഡ്.
•**ശമ്പളം:** ₹19,900–₹63,200

## അസിസ്റ്റന്റ് ഗ്രേഡ്-I

•**ഒഴിവ്: 104**
•**യോഗ്യത:** സീനിയർ സെക്കൻഡറി വിജയം, മിനിറ്റിൽ 35 ഇംഗ്ലീഷ് വാക്ക്/30 ഹിന്ദി വാക്ക് കംപ്യൂട്ടർ ടൈപ്പിങ് സ്പീഡ്.
•ശമ്പളം: ₹19,900–₹63,200

## സെക്ഷൻ ഓഫീസർ (ഹോർട്ടികൾച്ചർ)

•ഒഴിവ്: 108
•**യോഗ്യത:** അഗ്രിക്കൾച്ചർ ബിരുദം അല്ലെങ്കിൽ ബോട്ടണിയുൾപ്പെട്ട സയൻസ് ബിരുദം അല്ലെങ്കിൽ ബി.എസ്.സി യും (അഗ്രിക്കൾച്ചർ) ഓർണമെൻ്റൽ ഹോർട്ടികൾച്ചർ/ലാൻഡ്സ്കേപ്പിങ്ങിൽ രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും.
•**ശമ്പളം:** ₹35,400–₹1,12,400

## അസിസ്റ്റന്റ് ടീച്ചർ (നഴ്സറി)

•**ഒഴിവ്:** 1455
•യോഗ്യത: 45 ശതമാനം മാർക്കോടെയുള്ള പന്ത്രണ്ടാം ക്ലാസ് വിജയം, നഴ്സറി ടീച്ചർ എജുക്കേഷനിൽ കുറഞ്ഞത് രണ്ട് വർഷം ദൈർഘ്യമുള്ള ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സ്/ബി.എഡ് (നഴ്സറി), സെക്കൻഡറി തലത്തിൽ ഹിന്ദി പാസായിരിക്കണം
•**ശമ്പളം:** ₹35,400–₹1,12,400

## പോസ്റ്റ് ഗ്രാജ്വേറ്റ് ടീച്ചർ

•**ഒഴിവ്:** 297
•**വിഷയങ്ങൾ:** ഹിന്ദി, മാത്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇക്കണോമിക്സ്, കൊമേഴ്സ്, ഹിസ്റ്ററി, ജ്യോഗ്രഫി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഫിസിക്കൽ എജുക്കേഷൻ, ഹോംസയൻസ്/ഡൊമസ്റ്റിക് സയൻസ്.
•യോഗ്യത: ഫിസിക്കൽ എജുക്കേഷന് എം.പി.ഇ.ഡി./ബി.പി.ഇ.ഡി.യും ഹോം സയൻസിന് ബി.എസ്സി.യും (ഹോം സയൻസ്) ബി.എഡുമാണ് യോഗ്യത. മറ്റ് വിഷയങ്ങളിലേക്ക് അപേക്ഷിക്കാൻ ബന്ധപ്പെട്ട വിഷയത്തിലുള്ള മാസ്റ്റർ ബിരുദം/തത്തുല്യവും എജുക്കേഷൻ ബിരുദവും ഉണ്ടായിരിക്കണം

•ശമ്പളം: ₹47,600–₹1,51,100
മറ്റ് തസ്തികകൾ, യോഗ്യത, അപേക്ഷ ഉൾപ്പെടെയുള്ള വിവരങ്ങൾക്ക് www.dsssb.delhi.gov.in
➢**അപേക്ഷിക്കേണ്ട അവസാന തീയതി : ഫെബ്രുവരി 7**

## വ്യോമസേനയിൽ അഗ്നിവീർ

•അഗ്നിപഥ് പദ്ധതിയിൽ ഇന്ത്യൻ വ്യോമസേനയുടെ അഗ്നിവീർ വായു റിക്രൂട്ട്മെന്റിന് വിജ്ഞാപനം പ്രസിദ്ധീകരിച്ചു.
ഇന്റർമീഡിയറ്റ്/ പത്താം ക്ലാസ്/ പ്ലസ്ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.
• 2004 ജനുവരി രണ്ടിനും 2007 ജൂലൈ രണ്ടിനും ഇടയിൽ ജനിച്ചവരായിരിക്കണം.
•അവിവാഹിതരായ പുരുഷന്മാർക്കും വനിതകൾക്കും അപേക്ഷിക്കാം.
•നാല് വർഷത്തേക്കാണ് നിയമനം. തെരഞ്ഞെടുപ്പിന് രണ്ടുഘട്ട പരീക്ഷയുണ്ടാവും.
•ജനുവരി 17 മുതൽ അപേക്ഷിക്കാം.
➢**അവസാന തീയതി ഫെബ്രുവരി ആറ്.**
•പരീക്ഷ മാർച്ച് 17 ന്.
•വിശദ വിവരങ്ങൾക്ക് www.agnipathvayu.cdac.in കാണുക.

## നാഷണൽ ഇൻഷുറൻസിൽ 274 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

•കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡിൽ അഡ്
•മിനിസ്ട്രേറ്റീവ് ഓഫീസറുടെ 274 ഒഴിവുണ്ട്.
ജനറലിസ്റ്റ്, സ്പെഷ്യലിസ്റ്റ് വിഭാഗങ്ങളിൽ സ്കെയിൽ വൺ തസ്തികയിലാണ് അവസരം.
•സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽ ഡോക്ടർ–28, ലീഗൽ–20, ഫിനാൻസ്–30, ആക്ച്യുറിയൽ–2, ഇൻഫർമേഷൻ ടെക്നോളജി–20, ഓട്ടോമൊബൈൽ എൻജിനിയർ–20, ഹിന്ദി (രാജ്ഭാഷ) ഓഫീസർ–22 എന്നിങ്ങനെയാണ് ഒഴിവുകൾ.
•ജനറലിസ്റ്റ് വിഭാഗത്തിൽ 132 ഒഴിവുണ്ട്.
•**യോഗ്യത:** ഡോക്ടർ: എം.ബി.ബി.എസ്./എം.ഡി./എം.എസ്./മെഡിക്കൽ പി.ജി.
➢ലീഗൽ: 60 ശതമാനം മാർക്കോടെ അംഗീകൃത ബിരുദം/ ബിരുദാനന്തര ബിരുദം.
➢ഫിനാൻസ്: സി.എ./സി.എം.എ. അല്ലെങ്കിൽ 60% മാർക്കോടെ ബികോം/ എംകോം.
➢ആക്ച്യുറിയൽ: 60% മാർക്കോടെ സ്റ്റാറ്റിസ്റ്റിക്സ്/മാത്സ്/ആക്ച്യൂറിയൽ സയൻസ് ബിരുദം/ബിരുദാനന്തര ബിരുദം.

➢ഇൻഫർമേഷൻ ടെക്നോളജി: 60% മാർക്കോടെ ബി.ഇ./ബി.ടെക്./എം.ഇ./ എം.ടെക്. (കംപ്യൂട്ടർ സയൻസ്/ഐ.ടി.) എം.സി.എ. ഓട്ടോമൊബൈൽ 60 ശതമാനം മാർക്കോടെ ബിഇ/ ബിടെക്/ എംഇ/ എംടെക് (ഓട്ടോ മൊബൈൽ എൻജിനിയറിങ്).
➢ജനറലിസ്റ്റ് ഓഫീസർ: 60 ശതമാനം മാർക്കോടെ ഏതെങ്കിലും സ്ട്രീമിൽ ബിരുദം/ ബിരുദാനന്തര ബിരുദം.
➢ഹിന്ദി (രാജ്ഭാഷ) ഓഫീസർ: 60 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം.
•**പ്രായം:** 21–30.

•തെരഞ്ഞെടുപ്പിന് പ്രിലിമിനറി, മെയിൻ എന്നിങ്ങനെ രണ്ടുഘട്ടമായി ഒബ്ജക്ടീവ് മാതൃകയിൽ എഴുത്തുപരീക്ഷയും തുടർന്ന് അഭിമുഖവുമുണ്ടാവും. കേരളത്തിൽ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷാകേന്ദ്രം.
•ജനുവരി രണ്ടുമുതൽ ഓൺലൈനായി അപേക്ഷിക്കാം.
➢**അവസാന തീയതി ജനുവരി 22**.
•വിശദവിവരങ്ങൾക്ക് www.nationalinsurance.nic.co.in/recruitments കാണുക.

## നാവികസേനയിൽ ബി.ടെക്. എൻട്രി (35 ഒഴിവ്)

ഇന്ത്യൻ നാവികസേന 2024 ജൂലൈയിൽ ആരംഭിക്കുന്ന 10+2 (ബി.ടെക്.) കാഡറ്റ് എൻട്രി പദ്ധതിയിൽ ബി.ടെക്. പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു.
•എക്സിക്യൂട്ടീവ്, ടെക്നിക്കൽ ബ്രാഞ്ചുകളിലായി 35 ഒഴിവുണ്ട്.
•അവിവാഹിതരായ പുരുഷന്മാർക്കും വനിതകൾക്കും അപേക്ഷിക്കാം.
•പരിശീലനം കണ്ണൂർ ഏഴിമല നാവികഅക്കാദമിയിൽ.
•കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നാവികസേനയിൽ ഓഫീസറായി സ്ഥിരം കമീഷൻ നിയമനം നൽകും.
•പ്ലസ് ടു ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയിൽ മൊത്തം 70% മാർക്ക് നേടി വിജയിച്ചിരിക്കണം. പത്തിലോ പന്ത്രണ്ടിലോ ഇംഗ്ലീഷിൽ 50% മാർക്കും ഉണ്ടാവണം.
•2005 ജനുവരി രണ്ടിനും 2007 ജൂലൈ ഒന്നിനും ഇടയിൽ ജനിച്ചവരായിരിക്കണം.
➢**അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 20**.
•വിശദവിവരങ്ങൾക്ക് www.joinindiannavy.gov.in കാണുക.

## എയർപോർട്സ് അതോറിറ്റിയിൽ 119 അവസരം

എയർപോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സതേൺ റീജിയണിൽ വിവിധ തസ്തികയിൽ 119 ഒഴിവുണ്ട്.
•ജൂനിയർ അസിസ്റ്റന്റ് (ഫയർസർവീസ്), ജൂനിയർ അസിസ്റ്റന്റ് (ഓഫീസ്), സീനിയർ അസിസ്റ്റന്റ് (ഇലക്ട്രോണിക്സ്), സീനിയർ അസിസ്റ്റന്റ് അക്കൗണ്ട്സ് എന്നിങ്ങനെയാണ് അവസരം.
•പ്ലസ്ടു/ ഡിപ്ലോമ/ ബിരുദം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.
•**പ്രായം:** 18–30.
•കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷയുണ്ടാവും.
➢ഡിസംബർ 27 മുതൽ അപേക്ഷ നൽകാം.
➢അവസാന തീയതി 2024 ജനുവരി 26.
•വിശദവിവരങ്ങൾക്ക് www.aai.aero കാണുക.

## സഹകരണ ബാങ്കുകളിൽ 200 ഒഴിവ്

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും വിവിധ തസ്തികകളിലുള്ള 200 ഒഴിവുകളിലേക്ക് കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് അപേക്ഷ ക്ഷണിച്ചു.
•സെക്രട്ടറി–4, അസിസ്റ്റന്റ് സെക്രട്ടറി/ചീഫ് അക്കൗണ്ടന്റ്/മാനേജർ–8, ജൂനിയർ ക്ലർക്ക്/കാഷ്യർ–162, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ–3, സിസ്റ്റം സൂപ്പർവൈസർ–2, ഡാറ്റ എൻട്രി ഓപ്പറേറ്റർ–19, ടൈപ്പിസ്റ്റ്–2 എന്നിങ്ങനെയാണ് അവസരം.

•**പ്രായം:** 18–40.
•അപേക്ഷകർക്ക് ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിലേക്ക് അപേക്ഷിക്കാം. സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന ഒഎംആർ പരീക്ഷയുടെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനം നടത്തുന്ന അഭിമുഖത്തിന്റെ യും അടിസ്ഥാനത്തിൽ പരീക്ഷാ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ് നിയമനം.
•ഒഎംആർ പരീക്ഷ 80 മാർക്കിന്റേതാണ്. യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർഥിക്ക് അതത് ബാങ്ക് നടത്തുന്ന അഭിമുഖം പരമാവധി 15 മാർക്കിനാണ്. അഭിമുഖത്തിന് ഹാജരായാൽ മിനിമം മൂന്ന് മാർക്ക് ലഭിക്കും. ബാക്കി 12 മാർക്ക് അഭിമുഖത്തിലെ പ്രകടനത്തിനാണ്.
•ജൂനിയർ ക്ലർക്ക് / കാഷ്യർ തസ്തികയിലേക്കുള്ള അപേക്ഷ പ്രത്യേകം കവറിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കാം.
➢**വിലാസം: സെക്രട്ടറി, സഹകരണ സർവീസ് പരീക്ഷാ ബോർഡ്, ജവഹർ സഹകരണ ഭവൻ, 9 th floor, ഡിപിഐ ജങ്ഷൻ, തൈക്കാട് പി.ഒ, ജഗതി, തിരുവനന്തപുരം 695014.**
•മറ്റ് എല്ലാ തസ്തികയിലേക്കും ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഉദ്യോഗാർഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിരിക്കണം. ഓൺലൈനായി
•അപേക്ഷ നൽകാനും വിശദവിവരങ്ങൾക്കും www.keralacseb.kerala.gov.in കാണുക.
➢**അപേക്ഷിക്കേണ്ട അവസാന തീയതി 2024 ജനുവരി 31.**

## കായികതാരങ്ങൾക്ക് അവസരം – കെ.എസ്.ഇ.ബി.യിൽ 11 ഒഴിവ്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ (കെ.എസ്.ഇ.ബി.) സ്പോർട്സ് ക്വാട്ടയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.
•11 ഒഴിവുണ്ട്.
•ബാസ്കറ്റ് ബോൾ: (പുരുഷന്മാർ–2, വനിതകൾ–2),
•വോളിബോൾ: (പുരുഷന്മാർ–2, വനിതകൾ–2),
•ഫുട്ബോൾ: (പുരുഷന്മാർ–3) എന്നിങ്ങനെയാണ് അവസരം.
➢**അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 31.**
•വിശദവിവരങ്ങൾക്ക് www.kseb.in കാണുക.

## ആദായനികുതി വകുപ്പിൽ 291 കായിക താരങ്ങൾക്ക് അവസരം

മുംബൈ ആദായനികുതി വകുപ്പിൽ കായിക താരങ്ങൾക്ക് അവസരം.
•291 ഒഴിവുണ്ട്.
•ഇൻസ്പെക്ടർ ഓഫ് ഇൻകം ടാക്സ്, സ്റ്റെനോഗ്രാഫർ, ടാക്സ് അസിസ്റ്റന്റ്, മൾട്ടി ടാസ്കിങ് സ്റ്റാഫ്, കാൻറീൻ അറ്റൻഡൻറ് എന്നീ തസ്തികകളിലാണ് ഒഴിവ്.
➢**അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 19.**
•വിശദവിവരങ്ങൾക്ക് www.incometaxmumbai.gov.in

## ജനറൽ ഇൻഷുറൻസിൽ 85 ഓഫീസർ

ജനറൽ ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ ഓഫീസറുടെ (അസിസ്റ്റൻറ് മാനേജർ–സ്കെയിൽ–I) 85 ഒഴിവുണ്ട്.
•ഹിന്ദി, സ്റ്റാറ്റിസ്റ്റിക്സ്, ഇക്കണോമിക്സ്, ലീഗൽ, എച്ച്ആർ, എൻജിനിയറിങ്, ഐടി, ആക്ചറി, ഇൻഷുറൻസ്, മെഡിക്കൽ, ഹൈഡ്രോളജിസ്റ്റ്, ജിയോ ഫിസിക്സ്,

അഗ്രിക്കൾച്ചർ സയൻസ്, നോട്ടിക്കൽ സയൻസ്, ജനറൽ എന്നീ സ്ട്രീമുകളിലാണ് അവസരം.

- ബിരുദം/ബിരുദാനന്തരബിരുദം/ ബിഇ/ ബിടെക്/ എംഇ/ എംടെക് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.
- **പ്രായം:** 21–30.
- കേരളത്തിൽ തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിൽ പരീക്ഷാകേന്ദ്രമുണ്ടാവും.
- **അപേക്ഷിക്കേണ്ട അവസാന തീയതി ജനുവരി 12.**
- വിശദവിവരങ്ങൾക്ക് www.gicre.in കാണുക.

# പൊതുവിജ്ഞാനം

1. ആഗോള കുടുംബ ദിനം?

   **Ans ജനുവരി 1**

2. 16 ആം ധനകാര്യ കമ്മീഷൻ ചെയർമാൻ?

   **Ans: ഡോ. അരവിന്ദ് പനഗരിയ**

3. അടുത്തിടെ പശ്ചിമഘട്ടത്തിൽ നിന്ന് കണ്ടെത്തിയ ചിത്രശലഭം?

   **Ans: മേഘമല വെള്ളിവരയൻ**

4. അടുത്തിടെ അന്തരിച്ച പ്രശസ്ത കർണാടക സംഗീതജ്ഞൻ?

   **Ans : ഒ എസ് ത്യാഗരാജൻ**

5. ഇന്ത്യയിലെ ആദ്യത്തെ അന്തർവാഹിനി ടൂറിസം അവതരിപ്പിക്കുന്നത്?

   **Ans : ദ്വാരക, ഗുജറാത്ത്**

6. പുതുവത്സര ദിനത്തിൽ തുടർച്ചയായി ഭൂകമ്പങ്ങൾ അനുഭവപ്പെട്ട ഏഷ്യൻ രാജ്യം?

   **Ans: ജപ്പാൻ**

7. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള ആദ്യ മലിനജല ശുദ്ധീകരണ പ്ലാന്റ് നിലവിൽ വന്ന ജില്ല ?

   **Ans: കണ്ണൂർ (മഞ്ചപ്പാലം)**

8. 2024 ജനുവരിയിൽ ബ്രിക്സ് കൂട്ടായ്മയിൽ സ്ഥിരാംഗത്വം ലഭിച്ച രാജ്യങ്ങൾ ?

   **Ans: ഈജിപ്ത്, ഇറാൻ, സൗദി അറേബ്യ, എത്യോപ്യ, യു.എ.ഇ.**

9. 2024 ആഗോള കുടുംബത്തിന്റെ പ്രമേയം?

**Ans: വൈവിധ്യങ്ങളെ സ്വീകരിക്കുക, കുടുംബങ്ങളെ ശക്തിപ്പെടുത്തുക' (Global Family Day)**

10. പുതുവത്സരം ആദ്യമെത്തുന്ന രാജ്യം?

    **Ans: കിരിബാത്തി (പസഫിക്കിലെ ചെറു ദ്വീപു രാജ്യമാണ്കിരിബാത്തി)**

11. 2023 –ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം മലയാള വിഭാഗത്തിൽ ജേതാവ്?

    **Ans: ഇ വി രാമകൃഷ്ണൻ** (മലയാള നോവലിന്റെ ദേശകാലങ്ങൾ എന്ന കൃതിക്കാണ് പുരസ്കാരം ലഭിച്ചത്)

12. മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരം 2023 –ൽ അർഹരായവർ?

**Ans: ചിരാഗ് ഷെട്ടി, സാത്വിക് സായ്രാജ് രങ്കിറെഡ്ഡി** (ബാഡ്മിന്റൺ താരങ്ങൾ)

13. 2023– ൽ അർജുന അവാർഡ് നേടിയ മലയാളി ലോങ്ജെമ്പ് താരം?

**Ans : എം ശ്രീശങ്കർ** (പാലക്കാട്)

14. 2023 –ൽ അർജുന അവാർഡ് നേടിയ ക്രിക്കറ്റ് താരം?

**Ans: മുഹമ്മദ് ഷമി**

15. അന്റാർട്ടിക്കയിലെ ഇന്ത്യയുടെ പുതിയ ഗവേഷണ കേന്ദ്രം?

**Ans: മൈത്രി– 2**

16. സാധാരണക്കാർക്ക് വേഗമേറിയതും സ്വകര്യപ്രദവുമായ തീവണ്ടിയാത്ര സൗകര്യമൊരുക്കാൻ ഇന്ത്യൻ റെയിൽവേ ആരംഭിച്ച സർവീസ്?

**Ans: അമൃത് ഭാരത് എക്സ്പ്രസ്**

17. അടുത്തിടെ മലയാളികൾ ആരംഭിച്ച ഫുഡ് ഡെലിവറി സംവിധാനം?

**Ans: ലൈലോ**

18. 2023–ലെ അനിമൽ ഹെൽത്ത് കോൺ ക്ലേവിന് വേദിയാകുന്ന നഗരം?

**Ans: ന്യൂഡൽഹി**

19. 2023– ലെ കേരള ശാസ്ത്രസാഹിത്യ അവാർഡിൽ ജനപ്രിയ ശാസ്ത്ര സാഹിത്യ പുരസ്കാരം ലഭിച്ചതാർക്ക്?

**Ans: ഡോ. ബി ഇക്ബാൽ** (മഹാമാരികൾ പ്ലേഗ് മുതൽ കോവിഡ് വരെ –ചരിത്രം, ശാസ്ത്രം, അതിജീവനം എന്ന കൃതിക്കാണ് പുരസ്കാരം ലഭിച്ചത്)

20. സംസ്ഥാന സർക്കാറിന്റെ ഉടമസ്ഥത യിലുള്ള ആദ്യ ഒ ടി ടി പ്ലാറ്റ്ഫോം?

**Ans: സി സ്പെയ്സ്**

21. സംസ്ഥാനത്തെ റേഷൻ കടകളിലൂടെ കുറഞ്ഞ നിരക്കിൽ കുപ്പിവെള്ളം ലഭ്യമാക്കുന്ന പദ്ധതി?

**Ans: സുജലം**

22. വിശ്വഭാരതി സർവകലാശാലയിലെ ഗവേഷകർ കണ്ടെത്തിയ സസ്യ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന പുതിയ ഇനം ബാക്ടീരിയ?

**Ans: പാന്റോവ ടാഗോറി**

23. അടുത്തിടെ പ്രകാശനം ചെയ്ത ലോകത്തിലെ ഏറ്റവും വലിയ ചെറു കവിതാസമാഹാരം?

**Ans: പെൻഡ്രൈവ്**

24. 2023 ഡിസംബറിൽ ഇന്ത്യൻ നാവിക സേനയുടെ ഭാഗമായ യുദ്ധക്കപ്പൽ?


**Ans: ഐ എൻ എസ് ഇംഫാൽ**

## <u>ജനുവരി മാസത്തിലെ പ്രധാന ദിവസങ്ങൾ</u>

- ജനുവരി 1 – പുതുവർഷം
- ജനുവരി 1 – ആർമി മെഡിക്കൽ കോർപ്പ്സ് സ്ഥാപക ദിനം
- ജനുവരി 2– മന്നം ജയന്തി
- ജനുവരി 3 – ലോക ഹിപ്നോട്ടിസം ദിനം
- ജനുവരി 7– ഇന്ത്യൻ പത്ര ദിനം.
- ജനുവരി 9 – ദേശീയ പ്രവാസി ദിനം (പ്രവാസി ഭാരതീയ ദിവസ്
- ജനുവരി 10 – ലോക ഹിന്ദി ദിനം
- ജനുവരി 12 – ദേശീയ യുവജനദിനം
- ജനുവരി 15 – ദേശീയ കരസേനാ ദിനം
- ജനുവരി 16– ദേശീയ Start-up ദിനം
- ജനുവരി 19 – ലോക ക്വാർക്ക് ദിനം
- ജനുവരി 21 – ലോക പ്ലേഡേറ്റ് ദിനം
- ജനുവരി 21 – ലോക സ്വീറ്റ്പാന്റ്സ് ദിനം
- ജനുവരി 23 – നേതാജി ദിനം (ദേശ് പ്രേം ദിവസ്)
- ജനുവരി 24 – ദേശീയ ബാലികാ ദിനം
- ജനുവരി 25 – ദേശീയ വിനോദസഞ്ചാരദിനം
- ജനുവരി 25 – ദേശീയ സമ്മതിദായക ദിനം
- ജനുവരി 26 – റിപ്പബ്ലിക് ദിനം
- ജനുവരി 26 – ലോക കസ്റ്റംസ് ദിനം
- ജനുവരി 28 – ലോക കുഷ്ഠരോഗനിവാരണ ദിനം (ജനുവരിയിലെ അവസാനത്തെ ഞായറാഴ്ച)
- ജനുവരി 30 – രക്തസാക്ഷി ദിനം
- ജനുവരി 31 – അന്താരാഷ്ട്ര വരയൻകുതിര ദിനം

# ഡിഗ്രി ലെവൽ പി.എസ്.സി. സൗജന്യ പരീക്ഷാപരിശീലനം

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഡിഗ്രി ലെവൽ പി.എസ്. സി. സൗജന്യ പരീക്ഷാപരിശീലനം ആരംഭിച്ചു...
കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ഡിഗ്രി ലെവൽ മത്സരപരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിന് 22 ദിവസത്തെ സൗജന്യ പരിശീലന പരിപാടിയുടെ ഉദ്ഘാടനം 20/12/2023 ബുധൻ 10:00. A M ന് **ഡോ. ഷാജില ബീവി** (സിൻഡിക്കേറ്റ് മെമ്പർ എം. ജി. യൂണിവേഴ്സിറ്റി) നിർവഹിച്ചു. യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ചീഫ് ഡോ. രാജേഷ് മണി യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ. സജയൻ ജി.(ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, കോട്ടയം) മുഖ്യപ്രഭാഷണം നടത്തുകയും (ബ്യൂറോ ഡെപ്യൂട്ടി ചീഫ് ശ്രീ. വിജയകുമാർ ജി, സ്വാഗതം ആശംസിക്കുകയും ശ്രീ. റോണി കൃഷ്ണൻ (യങ് പ്രൊഫഷണൽ, മോഡൽ കരിയർ സെന്റർ കോട്ടയം), ആശംസയും അർപ്പിച്ചു.ശ്രീ. ബിജുകുമാർ എ.(സീനിയർ ക്ലാർക്ക്) കൃതജ്ഞത പറഞ്ഞു. ശ്രീ. അഭിലാഷ് പി. യു., ശ്രീ റിയാസ് കെ. എ. എന്നിവർ നേതൃത്വം നൽകുകയും ചെയ്തു





*Published by*

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

## MAHATMA GANDHI UNIVERSITY KOTTAYAM